"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

കേരള പഞ്ചായത്ത് രാജ് ആക്ട്, 1994 - തിരുവനന്തപുരം ജില്ലയിലെ മടവൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 30.04.2025-ലെ 7/1, 20.05.2025-ലെ 12/1 എന്നീ തീരുമാനങ്ങൾ റദ്ദ് ചെയ്തു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ആർഎ) വകുപ്പ്**

സ.ഉ.(സാധാ) നം.346/2026/LSGD തീയതി,തിരുവനന്തപുരം, 09-02-2026

---

പരാമർശം:-

1. മടവൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 11.06.2025-ലെ എ5/1489/2025 നമ്പർ കത്ത്.
2. 19/06/2025-ലെ സ.ഉ.(സാധാ) നം. 1511/2025/തസ്വഭവ.
3. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ബഹു. ട്രൈബ്യൂണലിന്റെ 06.01.2026-ലെ റഫറൻസ് നം. 11/2025 റിപ്പോർട്ട്.

**<u>ഉത്തരവ്</u>**

തിരുവനന്തപുരം ജില്ലയിലെ മടവൂർ ഗ്രാമപഞ്ചായത്ത് 3-ാം വാർഡിൽ ശ്രീ. നിയാസ് ബൈത്തുൽ റൈഹാൻ എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള മടവൂർ വില്ലേജിൽ സർവ്വെ നമ്പർ 101/1-ൽ പ്പെട്ട 4 സെന്റ് വസ്തുവിൽ ഇൻഡസ് ടവേഴ്സ് എന്ന ടെലികോം കമ്പനി ടവർ നിർമ്മിക്കുന്നതായുള്ള പൊതുജനങ്ങളുടെ പരാതി ചർച്ച ചെയ്ത 30.04.2025-ലെ പഞ്ചായത്ത് ഭരണസമിതി യോഗം, ജനസാന്ദ്രത കൂടിയ ഈ പ്രദേശത്ത് ടവർ നിർമ്മിക്കുന്നത് സ്കൂളുകൾ, അംഗൻവാടികൾ, ജനങ്ങൾ എന്നിവർക്ക് അമിത ഫ്രീക്വൻസിയിൽ പ്രസരിക്കുന്ന റേഡിയേഷൻ മൂലം പലവിധ മാനസിക-ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാകുന്നതായുള്ള പ്രദേശവാസികളുടെ ആകുലത പരിഗണിച്ച്, ടി മൊബൈൽ ടവർ പ്രദേശത്ത് നിന്നും മാറ്റി വിജനമായ ജനവാസമില്ലാത്ത മറ്റ് സ്ഥലത്ത് സ്ഥാപിക്കുന്നതിന് മൊബൈൽ കമ്പനിക്ക് നിർദ്ദേശം നൽകുന്നതിന് സെക്രട്ടറിയോട് നിർ ദ്ദേശിക്കുന്നതിന് 30.04.2025-ലെ 7/1 നമ്പർ തീരുമാനപ്രകാരം ഐകകണ്ഠ്യേന തീരുമാനിച്ചിരുന്നുവെന്നും ടി തീരുമാനം സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമാകയാൽ പുനഃപരിശോധിക്കണമെന്ന് 20.05.2025-ൽ ചേർന്ന ഭരണസമിതി യോഗത്തിൽ പഞ്ചായത്ത് സെക്രട്ടറി ആവശ്യപ്പെട്ടിരുന്നുവെങ്കിലും പ്രദേശവാസികൾക്ക് ആശങ്ക നിലനിൽക്കുന്നതിനാൽ ഇൻഡസ് ടവേഴ്സ് പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയ്ക്ക് ടവർ നിർമ്മിക്കുന്നതിന് അനുമതി നൽകാൻ സാധിക്കുകയില്ലെന്നും സ്റ്റോപ്പ് മെമ്മോ അടക്കമുള്ള നടപടികൾ സ്വീകരിക്കണമെന്നും 20.05.2025-ലെ 12/1 നമ്പർ തീരുമാനപ്രകാരം പഞ്ചായത്ത് കമ്മിറ്റി തീരുമാനിക്കുകയും ചെയ്തിട്ടുള്ളതായി അറിയിച്ചു കൊണ്ട് പഞ്ചായത്ത് കമ്മിറ്റിയുടെ ടി തീരുമാനങ്ങൾ പരാമർശം (3) പ്രകാരം പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിരുന്നു.

2) മടവൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 30.04.2025-ലെ 7/1, 20.05.2025-ലെ 12/1 എന്നീ തീരുമാനങ്ങൾ നിയമാനുസൃതമല്ലെന്ന് പ്രഥമദൃഷ്ട്യാ കണ്ടതിന്റെ അടിസ്ഥാനത്തിൽ, കേരള പഞ്ചായത്ത് രാജ് ആക്ടിലെ 191(4) വകുപ്പ് പ്രകാരം ടി തീരുമാനങ്ങൾ സ്റ്റേ ചെയ്യും, 191(2) വകുപ്പ് പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ബഹു. ട്രൈബ്യൂണലിന് റഫർ ചെയ്യും പരാമർശം (4) പ്രകാരം ഉത്തരവായിരുന്നു.

3) കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ സെക്ഷൻ 185B പ്രകാരം ആക്ട്/ചട്ടങ്ങൾ പ്രകാരം സെക്രട്ടറിക്ക് തീരുമാനമെടുക്കാൻ അധികാരമുള്ള കാര്യങ്ങളിൽ പഞ്ചായത്ത് കമ്മിറ്റിയോ പ്രസിഡന്റോ ഇടപെടാൻ പാടുള്ളതല്ലെന്നും അതിനാൽ, പഞ്ചായത്ത് കമ്മിറ്റിയുടെ ടി പ്രമേയം സെക്ഷൻ 185 B-യ്ക്ക് വിരുദ്ധമാണെന്നും 2019-ലെ കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങളുടെ അധ്യായം 18 പ്രകാരം, നാട്ടുകാരുടെ ആശങ്കകൾ എന്നത് ടെലികമ്മ്യൂണിക്കേഷൻ ടവർ സ്ഥാപിക്കുന്നത് തടയാനുള്ള ഒരു കാരണമായി കണക്കാക്കാൻ കഴിയില്ലെന്നും സംസ്ഥാനത്തെ എല്ലാ ജനങ്ങൾക്കും 5G സൗകര്യങ്ങൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ 2023-ൽ കേരള പഞ്ചായത്ത്/ മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ ഭേദഗതി ചെയ്തുകൊണ്ട് ടവർ നിർമ്മാണവുമായി ബന്ധപ്പെട്ട ചട്ടങ്ങൾ സർക്കാർ ലഘൂകരിച്ചിട്ടുണ്ടെന്നും ടവറുകൾ സ്ഥാപിക്കുമ്പോൾ നിർബ്ബന്ധമായും പാലിക്കേണ്ട മാനദണ്ഡങ്ങൾ അധ്യായം 18-ൽ പ്രതിപാദിക്കുന്നുണ്ടെന്നും ആയത് ഉറപ്പുവരുത്തുന്നതിന് സ്ഥലപരിശോധന നടത്തുന്നതിനുള്ള അധികാരം സെക്രട്ടറിക്ക് നൽകിയിട്ടുണ്ടെന്നും ഈ സാഹചര്യത്തിൽ, മടവൂർ പഞ്ചായത്ത് കമ്മിറ്റിയുടെ 30/04/2025-ലെ 7(1), 20/05/2025-ലെ 12(1) എന്നീ പ്രമേയങ്ങൾ നിയമപരമല്ലെന്നും അതിനാൽ ഈ പ്രമേയങ്ങൾ പഞ്ചായത്ത് സെക്രട്ടറി നടപ്പിലാക്കേണ്ടതില്ലെന്നും പരാമർശം (5) പ്രകാരം ബഹു. ട്രൈബ്യൂണൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ബഹു. ട്രൈബ്യൂണലിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിലെ മടവൂർ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 30.04.2025-ലെ 7/1, 20.05.2025-ലെ 12/1 നമ്പർ തീരുമാനങ്ങൾ കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ സെക്ഷൻ 191(1) പ്രകാരം റദ്ദു ചെയ്ത് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

JAYANTHI B S

ഡെപ്യൂട്ടി സെക്രട്ടറി

സെക്രട്ടറി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ട്രൈബ്യൂണൽ, കോർട്ട് കോംപ്ലക്സ്, വഞ്ചിയൂർ, തിരുവനന്തപുരം-695035 (ആമുഖ കത്ത് സഹിതം)

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം

ജില്ല ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

പ്രസിഡന്റ്, മടവൂർ ഗ്രാമപഞ്ചായത്ത്, തിരുവനന്തപുരം

സെക്രട്ടറി, മടവൂർ ഗ്രാമപഞ്ചായത്ത്, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ( ഓഡിറ്റ് /എ&ഇ) കേരള, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം ഇൻഫർമേഷൻ ഓഫീസർ (വെബ് ആന്റ് ന്യൂ മീഡിയ), വിവരപൊതുജന സമ്പർക്ക വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (ആർഎ1/249/2025-തസ്വഭവ)

ഉത്തരവിൻ പ്രകാരം

Signed by

Shini Pereira. V

സെക്ഷൻ ഓഫീസർ

Date: 09-02-2026 13:55:53